# ലേബർ കമ്മീഷണറുടെ നടപടി ഉത്തരവ്
**(ഹാജർ: സി.വി.സജൻ ഐ.എ.എസ്)**

വിഷയം :- തൊഴിൽ വകുപ്പ് - സ്ഥാപനകാര്യം - ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ജീവനക്കാർക്ക് ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വായന :-
1) 03.01.2014 തീയതിയിലെ സ.ഉ (പി) 01/2014/ഉ.ഭ.പ.വ നമ്പർ ഉത്തരവ്
2) 19.07.2014 തീയതിയിലെ സ.ഉ (പി) 21/2014/ഉ.ഭ.പ.വ നമ്പർ ഉത്തരവ്
3) 29.11.2017 തീയതിയിലെ സ.ഉ (കൈ) 105/2017/തൊഴിൽ നമ്പർ ഉത്തരവ്
4) ഈ കാര്യാലയത്തിലെ 14.05.2018 തീയതിയിലെ ഇ(6) 298/2014 നമ്പർ ഉത്തരവ്.
5) 19.07.2014 തീയതിയിലെ ഇ(8) 592/2014 നമ്പർ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ജീവനക്കാരുടെ സീനിയോരിറ്റി ലിസ്റ്റ്

---

**ഉത്തരവ് നമ്പർ: എ.ഡി.എം (6) 1851/2019** **തിരുവനന്തപുരം തീയതി:05/03/2019**

---

തൊഴിൽ വകുപ്പിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ജീവനക്കാർക്ക് വായന (4) പ്രകാരം ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയിരുന്നു. എന്നാൽ ടി ഉത്തരവിൽ കോഴിക്കോട് അസിസ്റ്റന്റ് ലേബർ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.സുരേന്ദ്രൻ.കെ.കെ., 19.3.2018 തീയതിയിൽ ക്ലാർക്ക് തസ്തികയിലേക്ക് ഓപ്ഷൻ സമർപ്പിച്ചിട്ടുണ്ടെന്നും എന്നാൽ ടിയാനെ വായന (4)ലെ ഉത്തരവിൽ സ്ഥാനക്കയറ്റം നൽകുന്നതിന് പരിഗണിച്ചില്ലായെന്നും ആയതിനാൽ 19.03.2018 തീയതിക്ക് ശേഷം ഉണ്ടായ ഒഴിവിൽ സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ വായന (4)ലെ ഉത്തരവിൽ സ്ഥാനക്കയറ്റം നൽകിയ ശ്രീ.സുരേഷ്കുമാർ.ആർ-ന്റെ സീനിയോരിറ്റി പുനർക്രമീകരിച്ചുകൊണ്ടും വായന (4)ലെ ഉത്തരവിനുശേഷം വകുപ്പിലുണ്ടായ ക്ലാർക്ക് തസ്തികയിലെ ഒഴിവിലേക്ക് വായന (2),(3) പ്രകാരം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും ക്ലർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് ഓപ്ഷൻ സമർപ്പിച്ചിട്ടുള്ളവരുടെ വായന (6) ലെ സീനിയോരിറ്റി ലിസ്റ്റിനെ ആധാരമാക്കി സീനിയറും യോഗ്യതയുള്ളവരുമായ ജീവനക്കാർക്ക് ക്ലാർക്ക് തസ്തികയിലേക്ക് നിലവിലുള്ള ഒഴിവിൽ സ്ഥാനക്കയറ്റം നൽകികൊണ്ട് താഴെപ്പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

| നം | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ | ഓഫീസ് അറ്റൻഡന്റുമാരുടെ പേരും നിലവിൽ ജോലി ചെയ്യുന്ന ഓഫീസും | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന ഓഫീസ് | സ്ഥാനക്കയറ്റം നൽകുന്ന തീയതി | കാരണം |
|---|---|---|---|---|---|
| 1. | 57 | ശ്രീ.കെ.കെ.സുരേന്ദ്രൻ, അസിസ്റ്റന്റ് ലേബർ ഓഫീസർ, രണ്ടാം സർക്കിൾ, കോഴിക്കോട് | ജില്ലാ ലേബർ ഓഫീസ്, കണ്ണൂർ | 12.05.2018 | ശ്രീ.സജിത്.കെ.എസ്-ന് സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയ ഒഴിവ് (161-ാം ഒഴിവ്) |

| | | | | | |
|---|---|---|---|---|---|
| 2. | 89 | ശ്രീ.ആർ.സുരേഷ്കുമാർ, ലേബർ കമ്മീഷണറേറ്റ്, തിരുവനന്തപുരം | ലേബർ കമ്മീഷണറേറ്റ്, തിരുവനന്തപുരം | 17.08.2018 | ശ്രീമതി.ലീന.കെ.പി., സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയ ഒഴിവ് (171-ാം ഒഴിവ്) (വായന.4-ലെ ഉത്തരവിൻ പ്രകാരം നൽകിയ സ്ഥാനക്കയറ്റത്തിലെ സീനിയോരിറ്റി പുന:ക്രമീകരിക്കുന്നു) |
| 3. | 90 | ശ്രീ.പി.ബൈജു, അസിസ്റ്റന്റ് ലേബർ ഓഫീസ്, ചേർത്തല സൗത്ത് | ജില്ലാ ലേബർ ഓഫീസ്, പാലക്കാട് | 30.09.2018 | ശ്രീമതി.ശ്രീജ.സി.കെ., സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയ ഒഴിവ് (181-ാം ഒഴിവ്) |

ക്രമ നമ്പർ. 1, 3-ലെ ജീവനക്കാർ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതലാണ് ടി തസ്തികയിലെ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടാവുകയുള്ളൂ. ഈ ഉത്തരവിലെ സ്ഥാനക്കയറ്റങ്ങൾ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ചട്ടം 28 (എ)-1 പ്രകാരമാണ്. ടി ജീവനക്കാർ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തെ സേവന കാലയളവിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും.

(ഒപ്പ്)
**ലേബർ കമ്മീഷണർ**

ബന്ധപ്പെട്ട ജീവനക്കാർക്ക് (വെബ്സൈറ്റ് മുഖാന്തിരം **www.lc.kerala.gov.in** )

പകർപ്പ് :-
1) ലേബർ കമ്മീഷണറുടെ പി.എ.
2) അഡീഷണൽ ലേബർ കമ്മീഷണർ (ഇ,ഐ.ആർ,ഡബ്ല്യൂ)
3) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ
4) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
5) സീനിയർ സൂപ്രണ്ട് (ഇ)
6) ജില്ലാ ലേബർ ഓഫീസർ, പാലക്കാട്, കണ്ണൂർ
7) അസിസ്റ്റന്റ് ലേബർ ഓഫീസ്, രണ്ടാം സർക്കിൾ, കോഴിക്കോട്, ചേർത്തല സൗത്ത്
8) ജൂനിയർ സൂപ്രണ്ട് (ഇ)
9) ഇ(5) സീറ്റ്
10) ഫയൽ/കരുതൽ ഫയൽ

**ഉത്തരവിൻ പ്രകാരം**
Rajesh
**ജൂനിയർ സൂപ്രണ്ട് (ഇ)**

എസ്.ടി